©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2017 മേയ് 30<br>30th May 2017<br>1192 ഇടവം 16<br>16th Idavam 1192<br>1939 ജ്യേഷ്ഠം 9<br>9th Jyaishta 1939 | നമ്പർ<br>No. | 22 |

# PART III
# Co-operative Department

### കോട്ടയം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: ശ്രീ. എം. ബിനോയ് കുമാർ)

നമ്പർ എ.ഇ.എൽ. 6744/2002. 2017 മാർച്ച് 27.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—ഏറ്റുമാനൂർ വനിതാ എഡ്യൂക്കേഷണൽ സഹകരണ സംഘം കെ. 894-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) കോട്ടയം ജോയിന്റ് രജിസ്ട്രാറുടെ 17-9-2004-ലെ എ. ഇ. എൽ./6744/2002 നമ്പർ ഉത്തരവ്.

(2) കോട്ടയം ജോയിന്റ് രജിസ്ട്രാറുടെ (ജനറൽ)-ടെ 30-12-2013-ലെ ഇതേ നമ്പർ ഉത്തരവ്.

(3) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാറുടെ (ജനറൽ)-ടെ 28-1-2017-ലെ ഇ. റ്റി. ആർ./1439/11 നമ്പർ കത്ത്.

(4) സംഘം ലിക്വിഡേറ്ററുടെ 28-1-2017-ലെ 1-ാം നമ്പർ തീരുമാനം.

കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ പ്രവർത്തിച്ചിരുന്ന കെ. 894 ഏറ്റുമാനൂർ വനിതാ എഡ്യൂക്കേഷണൽ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചതിനെ തുടർന്ന് സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലാണ്. ടി സംഘത്തിന്റെ ലിക്വിഡേറ്ററായി 1-11-2004-ൽ കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഏറ്റുമാനൂർ യൂണിറ്റ് ഇൻസ്പെക്ടർ ചാർജ്ജെടുത്തു. 23-11-2011-ൽ ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിച്ചെങ്കിലും നാളിതുവരെ യാതൊരുവിധ ക്ലെയിമുകളും ലഭ്യമായിട്ടില്ല. സംഘത്തിന്റെ ഒരു പൊതുയോഗം 4-7-2009-ൽ നടത്തുവാൻ അംഗങ്ങൾക്ക് രേഖാമൂലം നോട്ടീസ് നൽകിയെങ്കിലും ആരുംതന്നെ ഹാജരായിട്ടില്ലാത്തതാണ്. തുടർന്ന് സംഘത്തിന്റെ ഈടാക്കാനാകാത്ത ആസ്തികൾ എഴുതി തള്ളിയും ബാധ്യതകൾ കണ്ടുകെട്ടിയും സുചന (2) പ്രകാരം ഉത്തരവ് നൽകി. സംഘത്തിന്റെ പേരിൽ ടെലിഫോൺ സെക്യൂരിറ്റി

ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന ` 10,000-ൽ വാടക കിഴിച്ചുള്ള ` 4,828 തിരികെ ലഭിച്ചിരുന്നു. അഫിലിയേഷൻ ഫീസ് ` 700, ആഡിറ്റ് ഫീസ് ` 162, ലിക്വിഡേഷൻ ചാർജ്ജ് ഇനത്തിൽ ` 1,500 എന്നിവ യഥാശീർഷകങ്ങളിൽ അടച്ച് തീർത്തിട്ടുള്ളതാണ്. ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കിയശേഷം ബാക്കിവന്ന ` 5,734.85 കോട്ടയം അസി. രജിസ്ട്രാറുടെ പേരിൽ കോട്ടയം ജില്ലാ സഹകരണ ബാങ്കിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് അടച്ചുതീർത്തു. തുടർന്ന് 31-3-2012-ൽ സംഘത്തിന്റെ അന്തിമ പൊതുയോഗം കൂടുകയും ചെയ്തിട്ടുള്ളതാണ്. ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 24-12-2016-ലെ എ.ഇ.എൽ./59582/13 നമ്പർ ഉത്തരവ് പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്ററുടെ കാലാവധി 31-3-2017 വരെ ദീർഘിപ്പിച്ച് ലഭിച്ചിരുന്നു.

ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത തീയതിയിലെ ബാക്കിപത്രം, നാളിതുവരെയുള്ള വരവ് ചിലവ് കണക്ക്, ഇപ്പോഴത്തെ ബാക്കി പത്രം എന്നിവ താഴെ പറയും പ്രകാരമാണ്.

**ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത തീയതിയിലെ ബാക്കിപത്രം**

| ബാധ്യത | തുക ` | ആസ്തി | തുക ` |
|---|---|---|---|
| ഓഹരി (വ്യക്തികൾ) | 27000 | നീക്കിയിരിപ്പ് | 53 |
| തേയ്മാന ഫണ്ട് | 22370.70 | ബാങ്ക് നീക്കിയിരിപ്പ് | 942.85 |
| ആഡിറ്റ് ഫീസ് | 162 | ഫിക്ചേഴ്സ് & ഫിറ്റിംഗ്സ് | 10761.80 |
| അഫിലിയേഷൻ ഫീസ് | 700 | അഡ്വാൻസ് | 122067.25 |
| കരുതൽ E & C | 11500 | നഷ്ടം | 57443.55 |
| അഡ്വാൻസ് | 129535.75 | | |
| ആകെ | 191268.45 | ആകെ | 191268.45 |

**നാളിതുവരെയുള്ള വരവ്-ചെലവ് കണക്ക്**

| വരവ് | തുക ` | ചിലവ് | തുക ` |
|---|---|---|---|
| നീക്കിയിരിപ്പ് | 53 | ആഡിറ്റ് ഫീസ് | 162 |
| ടെലിഫോൺ നിക്ഷേപം | 10000 | അഫിലിയേഷൻ ഫീസ് | 700 |
| ബാങ്ക് | 50 | ഫോൺ വാടക | 5172 |
| ബാങ്ക് | 500 | ബാങ്ക് നിക്ഷേപം | 4828 |
| ബാങ്ക് | 400 | ബാങ്ക് ചാർജ്ജ് | 50 |
| ബാങ്ക് | 5734.85 | ഫോട്ടോ സ്റ്റാറ്റ് | 45 |
| | | ഫോട്ടോ സ്റ്റാറ്റ് | 46 |
| | | കോമൺ ലിക്വിഡേഷൻ ഫണ്ട് | 5734.85 |
| ആകെ | 16737.85 | ആകെ | 16737.85 |

**ഇപ്പോഴത്തെ ബാക്കിപത്രം**

| ബാധ്യത | തുക ` | ആസ്തി | തുക ` |
|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

സമാപ്തീകരണം സംബന്ധിച്ച നടപടികൾ പൂർത്തിയായതിനെ തുടർന്ന്, സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (4) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത് സൂചന (3) പ്രകാരം കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാറുടെ ശുപാർശ സഹിതം അപേക്ഷ ഈ ആഫീസിൽ സമർപ്പിച്ചിരിക്കുന്നു. ടി സംഘത്തിന്റെ ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയായതായി എനിക്ക് ബോധ്യമായതിനാൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

കെ. 894 ഏറ്റുമാനൂർ വനിതാ എഡ്യൂക്കേഷണൽ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽനിന്നും നീക്കംചെയ്തുകൊണ്ടും ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ ഫയലുകളും റിക്കാർഡുകളും ചട്ടം 70-ൽ നിഷ്കർഷിക്കുന്ന പ്രകാരം 3 വർഷക്കാലം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടെ മാത്രം നശിപ്പിക്കാവുന്നതുമാണ്.

സഹകരണസംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)
ഓഫീസ്, കോട്ടയം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

## രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

നമ്പർ ഒ-2461/2016/ആർ. ഡിസ്. 2017 ഏപ്രിൽ 26.

1969-ലെ കേരള സഹകരണ സംഘം ആക്ട് (1969-ലെ 21-ാം നമ്പർ ആക്ട്) 7-ാം വകുപ്പനുസരിച്ച് എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സാക്ഷ്യപ്പെടുത്തുന്നത് എന്തെന്നാൽ തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ (തപാലാഫീസ് അരണാട്ടുകര) ഡൊമസ്റ്റിക് അനിമൽസ് ആന്റ് ബേർഡ്സ് ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം ഇന്നേദിവസം പ്രസ്തുത ആക്ടനുസരിച്ച് ക്ലിപ്ത ബാധ്യതയോടുകൂടിയ ഒരു സഹകരണ സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത വകുപ്പനുസരിച്ച് മേൽപ്പറഞ്ഞ സംഘത്തിന്റെ നിബന്ധനകളും രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു.

**തരംതിരിച്ചുള്ള പട്ടിക**

1. സംഘത്തിന്റെ നമ്പരും പേരും—ഡൊമസ്റ്റിക് അനിമൽസ് ആന്റ് ബേർഡ്സ് ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 1480.
2. രജിസ്ട്രേഷൻ ചെയ്ത തീയതി—26-4-2017.
3. മേൽവിലാസം—ഡൊമസ്റ്റിക് അനിമൽസ് ആന്റ് ബേർഡ്സ് ഫാർമേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 1480, പി. ഒ. അരണാട്ടുകര, തൃശ്ശൂർ-680 618.
4. പ്രവർത്തന പരിധി—തൃശ്ശൂർ താലൂക്ക് പരിധിയിലുള്ള പ്രദേശങ്ങൾ.
5. ബാധ്യത—ക്ലിപ്തം.
6. പ്രധാന ഉദ്ദേശ്യം—അംഗങ്ങളുടെ ക്ഷേമത്തിനും സാമൂഹ്യ പുരോഗതിയ്ക്കും
7. അംഗീകൃത ഓഹരി മൂലധനം—

| | | | | | | |
|---|---|---|---|---|---|---|
| 'എ' ക്ലാസ് | ` 250 | X | 40000 | = | ` | 1,00,00,000 |
| 'ബി' ക്ലാസ് | ` 500 | X | 10000 | = | ` | 50,00,000 |
| 'സി' ക്ലാസ് | ` 10 | X | 10000 | = | ` | 1,00,000 |
| | | | ആകെ | | ` | 1,06,00,000 |

8. സംഘത്തിന്റെ തരം—സാമൂഹ്യക്ഷേമം റൂൾ 15(12) (1).
9. പരമാവധി വാങ്ങാവുന്ന കടം—മെമ്പർമാർ അടച്ച് തീർത്ത ഓഹരി മൂലധനത്തിന്റെയും കരുതൽ ധനത്തിന്റെയും തുകയുടെ 150 മടങ്ങ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ഓഫീസ്, (ഒപ്പ്)
തൃശ്ശൂർ. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

## ക്ലെയിം നോട്ടീസ്

നമ്പർ കെ.1752/2016. 2017 മാർച്ച് 22.

[1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 ചട്ടം 69 (2) പ്രകാരം]

മലപ്പുറം ജില്ലാ സഹകരണ സംഘം ജനറൽ ജോയിന്റ് രജിസ്ട്രാറുടെ 21-10-2016-ാം തീയതിയിലെ എച്ച്. എം. സി. 4399/13/കെഡിസ് ഉത്തരവ് പ്രകാരം ക്ലിപ്തം നമ്പർ എം. 561 എടയൂർ പഞ്ചായത്ത് വനിത സഹകരണ സംഘം സമാപ്തീകരിച്ചുകൊണ്ടും തിരൂർ സഹകരണ സംഘം ജനറൽ അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ കുറ്റിപ്പുറം യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. എടയൂർ പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 561-ൽ നിന്നും എന്തെങ്കിലും തുകകൾ ലഭിക്കാനുണ്ടെങ്കിൽ ആയതിനുള്ള അവകാശം തെളിയിക്കുന്നതിനുള്ള മതിയായ രേഖകൾ സഹിതം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 2 (രണ്ട്) മാസത്തിനുള്ളിൽ സംഘം ലിക്വിഡേറ്ററെ അറിയിക്കേണ്ടതാണ്. പ്രസ്തുത സമയത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(ഒപ്പ്)
ലിക്വിഡേറ്റർ,
എടയൂർ പഞ്ചായത്ത് വനിത
സഹകരണ സംഘം സഹകരണ സംഘം,
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ക്ലിപ്തം നമ്പർ എം. 561,
ഓഫീസ്, തിരൂർ. യൂണിറ്റ് ഇൻസ്പെക്ടർ, കുറ്റിപ്പുറം.